പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2185 — 16.08. 2017 ൽ മറുപടിക്ക്

## പുതുതായി സൃഷ്ടിച്ച മസ്ദൂർ തസ്തികകൾ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ഇ.ബി.എത്ര സെക്ഷനുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;<br><br>(ബി) പുതിയ സെക്ഷനുകൾ രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മസ്ദൂർ ( ഇലക്ട്രിസിറ്റി വർക്കർ) തസ്തികയിൽ എത്ര പുതിയ തസ്തികകളാണ് ആവശ്യമുള്ളത്; ഇതിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇത്തരത്തിൽ തിരുവനന്തപുരം മലപ്പുറം ജില്ലകളിൽ എത്ര തസ്തികകൾ വീതം സൃഷ്ടിച്ചിട്ടുണ്ട്;<br>(സി) തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ ഈ ഒഴിവുകൾ എല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏത് തീയതിലാണ് ഇവ യഥാക്രമം റിപ്പോർട്ട് ചെയ്തിട്ടുള്ളത്; കാലാവധി കഴിഞ്ഞ. മസ്ദൂർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ജില്ലകളിലെ എത്ര പേർക്ക് ഇപ്രകാരമുള്ള നിയമന ശിപാർശകൾ ലഭിച്ചിട്ടുണ്ട്; | (എ), (ബി),(സി)&(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി 14 സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

| സെക്ഷൻ ഓഫീസ് | ജില്ല |
|---|---|
| കാച്ചാണി | തിരുവനന്തപുരം |
| റാന്നി പെരുനാട് | പത്തനംതിട്ട |
| വള്ളിക്കുന്നം | ആലപ്പുഴ |
| വെണ്മണി | |
| എടത്തല | എറണാകുളം |
| നെല്ലിക്കുഴി | |
| മഞ്ഞള്ളൂർ | |
| ഉടുമ്പൻചോല | ഇടുക്കി |
| ആലക്കോട് തൊടുപുഴ | |
| വാളയാർ | പാലക്കാട് |
| കോറോം | വയനാട് |
| ചെറുപുഴ | കണ്ണൂർ |
| സീതാംഗോളി | കാസറഗോഡ് |
| കുമ്പാറ | കോഴിക്കോട് |

| | |
|---|---|
| (ഡി) പുതുതായി സൃഷ്ടിക്കപ്പെട്ട ഏതെങ്കിലും ഒഴിവ് യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാ-തിരുന്നിട്ടുണ്ടോ; എങ്കിൽ കാലാവധി കഴിഞ്ഞ. മസ്ദൂർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്രപേർക്ക് ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | പുതുതായി പ്രവർത്തനം ആരംഭിച്ച സെക്ഷനുകളിൽ പുതുതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള ജീവനക്കാരെ ടി സെക്ഷനുകളിലേയ്ക്ക് പുനർ വിന്യസിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

Sd/-

സെക്ഷൻ ഓഫീസർ.